ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള. ഈ പുതുവൽ കേസുകൾ എടുത്തതു് ഗവണ്മെണ്ടാണോ?

ശ്രീ. എ. ജെ. ജോൺ: ഗവണ്മെണ്ടിനല്ലാതെ മറ്റാർക്കും അതിനുള്ള അധികാരമില്ല.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ഗവണ്മെണ്ടു് സ്ഥലമാണെന്നു് അറിയാതെ എങ്ങനെയാണു് ഈ കേസുകൾ എടുത്തതു്?

ശ്രീ. എ. ജെ. ജോൺ: ഗവണ്മെണ്ടു് സ്ഥലമായതുകൊണ്ടാണു് കേസ്സെടുത്തിട്ടുള്ളതു്.

ശ്രീ. മന്നത്തു പത്മനാഭൻ: അവിടെ താമസിക്കുന്നവർ ഒറിയാധാരപ്രകാരമാണോ താമസിക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: പൂർണ്ണമായ വിവരങ്ങൾ കിട്ടുന്നതിലേക്കു് റിപ്പോർട്ടു് ആവശ്യപ്പെട്ടിരിക്കുകയാണെന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

## ന്യൂനപക്ഷങ്ങൾക്കു് മേലുള്ള ഉദ്യോഗനിയമനം

*൯൫൬. (൨൪) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പബ്ലിക്കു് സർവ്വീസു് കമ്മീഷൻ കീഴിൽ ൧൯൫൦ ഉദ്യോഗങ്ങൾക്കു് മീതെ എത്ര ഉദ്യോഗങ്ങൾ സംയോജനത്തിനുശേഷം നിയമിച്ചിട്ടുണ്ടു്;

(ബി) അതിൽ എത്ര ഉദ്യോഗങ്ങൾ ക്യാൻസൽ ചെയ്തിട്ടുണ്ടു്;

(സി) പബ്ലിക്കു് സർവ്വീസു് കമ്മീഷൻ വയ്ക്കുന്ന ഉദ്യോഗങ്ങളെ ക്യാൻസൽ ചെയ്യുന്ന അധികാരം ആർക്കാണു് ഉള്ളതു്;

(ഡി) അപ്രകാരം നിയമിച്ച ഉദ്യോഗങ്ങൾ വല്ലതും റദ്ദു ചെയ്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിനു് കാരണം എന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം പബ്ലിക്കു സർവ്വീസു് കമ്മീഷന്റെ ഉപദേശത്തോടുകൂടെ നടത്തുന്ന ഉദ്യോഗനിയമനങ്ങളെ സംബന്ധിച്ചോ അല്ലാത്തപക്ഷം കമ്മീഷന്റെ ആഫീസിലുള്ള നിയമനങ്ങളെ സംബന്ധിച്ചോ എന്നുള്ളതു വ്യക്തമല്ല. പബ്ലിക്കു സർവ്വീസു് കമ്മീഷന്റെ ആഫീസിലുള്ള നിയമനങ്ങളാണു് ഉദ്ദേശിക്കുന്നതെങ്കിൽ ചോദ്യത്തിനുള്ള മറുപടി ഇപ്രകാരമാണു്.

(എ) ൧. ശ്രേ൩ ൦൦—൪൫൦ ഒരു സെക്രട്ടറി

൨. ,, ൨൫—൨൮ രണ്ടു സൂപ്രണ്ടന്മാർ.

൩. ,, ൨൯—൩൫ മൂന്നു് ക്ലാർക്കന്മാർ. ഇങ്ങനെ ആറു ഉദ്യോഗങ്ങൾ ഉണ്ടു്.

(ബി) അതിൽ ഒന്നും ക്യാൻസൽ ചെയ്തിട്ടില്ല.

(സി) പബ്ലിക്കു് സർവ്വീസു് കമ്മീഷന്റെ ആഫീസിലുള്ള ഗസറ്റഡു് ഉദ്യോഗനിയമനം ഗവണ്മെണ്ടു് അനുമതിയോടുകൂടിയാണു് നടത്തുന്നതു്.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

ശ്രീ. പി. കെ. ഡിവർ: പബ്ലിക്കു സർവ്വീസു കമ്മീഷനിൽ അംഗമായിട്ടുള്ള ഒരാളെ ഗവണ്മെണ്ടു് സർവ്വീസിൽ എടുത്തുകൂടെന്നു് ഒരു നിയമമില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: പബ്ലിക്ക സർവ്വീസ കമ്മീഷൻ പുതുതായ ഒരു നിയമനമാണു്. അങ്ങനെയുള്ള ഒരു അംഗത്തെ ഒരു ഉദ്യോഗസ്ഥനായി നിയമിച്ചിട്ടില്ല.

ശ്രീ. പി. കെ. ഡിവർ: ഇപ്പോൾ പബ്ലിക്ക സർവ്വീസ കമ്മീഷന്റെ സെക്രട്ടറിയായിരിക്കുന്ന ആൾ മുമ്പു കൊച്ചിയിലെ പബ്ലിക്ക സർവ്വീസ കമ്മീഷനിലെ ഒരംഗമായിരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അദ്ദേഹം ഇപ്പോൾ പുതുതായി രൂപീകരിച്ച കമ്മീഷനിലെ അംഗമായിരുന്നില്ല.

ശ്രീ. പി. കെ. ഡിവർ: പബ്ലിക്ക സർവ്വീസ് കമ്മീഷനിൽ അംഗമായിരിക്കുന്ന ആളെ സക്കാർ സർവ്വീസിലേക്ക് എടുത്തുകൂടെന്ന നിയമമുണ്ടായിരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: പുതിയ ഭരണഘടനയിൽ ചില വ്യവസ്ഥകൾ ഉണ്ടു്. അതനുസരിച്ചു് നടത്തുന്നതിനു് എല്ലാ ഘടകങ്ങൾക്കും ബാദ്ധ്യതയുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: പബ്ലിക്ക സർവ്വീസ് കമ്മീഷൻ ന്യായരഹിതമായി നിയമനം നടത്തിയാൽ അതിന്മേൽ ഗവണ്മെണ്ടിനു് എന്തെങ്കിലും അധികാരമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ന്യായരഹിതമാണെന്നു ബോദ്ധ്യപ്പെട്ടാൽ അതു ക്യാൻസൽ ചെയ്യുന്നതിനുള്ള അധികാരം ഗവണ്മെണ്ടിനുണ്ടു്. ക്യാൻസൽ ചെയ്യുന്ന കാരണങ്ങൾ കാണിക്കുന്നതു ഒരു സ്റ്റേറ്റുമെണ്ടു് ഈ അസംബ്ലിയുടെ അറിവിലേക്കായി മേശപ്പുറത്തു വയ്ക്കുന്നതാണു്.

ശ്രീ. അമ്പാട്ടു് ഈച്ചരമേനോൻ: സ്റ്റാഫ് സെലക്ഷൻ ബോർഡു് ഇവിടെയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സ്റ്റാഫ് സെലക്ഷൻ ബോർഡു് കൊച്ചിയിലുണ്ടായിരുന്നു. ഇവിടെയില്ല.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: പബ്ലിക്ക സർവ്വീസു് കമ്മീഷനാണൊ എല്ലാ നിയമനങ്ങളും നടത്തുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: പോലീസും മിലിട്ടറിയും ഒഴിച്ചുള്ള നിയമനങ്ങളെല്ലാം പബ്ലിക്ക സർവ്വീസ കമ്മീഷനാണു് നടത്തുന്നതു്.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ. സെയിൽസ് ടാക്സു് സംബന്ധിച്ചുള്ള നിയമനം പബ്ലിക്ക സർവ്വീസ കമ്മീഷനാണൊ നടത്തിയതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനും പബ്ലിക്ക സർവ്വീസ കമ്മീഷന്റെ അനുമതി ഉണ്ടായിരുന്നു.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: ആ നിയമനങ്ങൾ പിന്നീടു മാറ്റിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. നോട്ടീസു കിട്ടിയാൽ പറയാം.

LIBRARY ARCHIVES Kerala Legislative Assembly